HLM-0187

The Heavenly Light Ministry

യേശു നല്ലവൻ എനിക്കു യേശു നല്ലവൻ
നല്ല രക്ഷകൻ തൻ നാമം വാഴ്ത്തിപ്പാടും ഞാൻ
യേശു നല്ലവൻ അതേ എൻ യേശു നല്ലവൻ യേശു ......

ചെങ്കടൽ പിളർന്നു തൻ വഴി നടത്തിടും
അടിമയിൻ നുകം തകർത്തു വീണ്ടെടുത്തവൻ
ചിറകുകൾ വിടർത്തി മറവിൽ കാത്തിടുന്നവൻ യേശു.. ...

മുന്നിലും പിറകിലും നടന്നു കാവലായ്
മേഘമൊന്നെനിക്കുമേൽ വിരിച്ചു സ്നേഹമായ്
നീണ്ടമരുവിൽ ഉള്ളംകയ്യിൽ താങ്ങിടും യേശു.. ..

കോട്ടകൾ തകർത്തിടാൻ ബലത്തെ നൽകിടും
നീട്ടിയ ഭുജത്താലെന്നെ താൻ നടത്തിടും
വീട്ടിലെത്തുവോളം പൊന്മുഖത്തിൽ നോക്കിടാം യേശു.. ..

ക്ഷാമകാലത്തെന്നെ ക്ഷേമമോടെ കാത്തിടും
പച്ചപ്പുൽത്തകിടിയിൽ കിടത്തിടുന്നവൻ
വേണ്ടതെല്ലാം നിത്യമേകി പോറ്റിടുന്നവൻ യേശു.. .. ..